നം : OT/P1/104-2026-IKM

**ഇൻഫർമേഷൻ കേരള മിഷൻ**
**പബ്ലിക് ഓഫീസ് കോംപ്ലക്സ് തിരുവനന്തപുരം**
**പിൻ കോഡ്- 695033 GSTIN : 32AAAAI5509H2Z0**
**ഫോൺ നമ്പർ : 471-2773100 ഇമെയിൽ : mail.ikm@kerala.gov.in**

**ഫയൽ നമ്പർ: 158-P1-2024-IKM** **തീയതി : 18-09-2026**

# ലഘു കൊട്ടേഷൻ നോട്ടീസ്

## വാർഷിക പരിപാലന കരാർ

ഇൻഫർമേഷൻ കേരള മിഷന്റെ പബ്ലിക്ക് ഓഫീസ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ഹെഡ് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള വിവിധ കപ്പാസിറ്റികളിലുള്ള 15 സ്പ്ലിറ്റ് എയർ കണ്ടിഷണറുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള വാർഷിക പരിപാലന കരാർ (AMC) 04/10/2026 തീയതി മുതൽ ഒരു വർഷകാലയളവിലേക്ക് ഏറ്റെടുക്കുവാൻ താൽപര്യമുള്ള പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ / സർവ്വീസ് സെൻററുകളിൽ നിന്നും മത്സര സ്വഭാവമുള്ള കൊട്ടേഷനുകൾ ക്ഷണിക്കുന്നു.

കൊട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ കംപ്രസ്സർ ഉൾപ്പെടെയുള്ള AMC തുകയും, കംപ്രസ്സർ ഇല്ലാതെയുള്ള AMC തുകയും പ്രത്യേകം സൂചിപ്പിക്കേണ്ടതാണ് (Annexure ആയി ചേർക്കുന്നു). പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ അംഗീകാരം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കേണ്ടതാണ്. കൊട്ടേഷൻ അടങ്ങിയ കവറിന്റെ പുറത്ത് "Quotation for Annual Maintenance Contract of Air Conditioners" എന്ന് രേഖപ്പെടുത്തിയിരിക്കണം.

| Sl No. | Description | Quantity | AMC Period |
|---|---|---|---|
| 1 | 1 Ton 5star Air-conditioning unit | 4 | One Year |
| 2 | 1.5 Ton 5star Air-conditioning unit | 5 | One Year |
| 3 | 2 Ton 5star Air-conditioning unit | 6 | One Year |
| **Total** | | **15** | |

**വാർഷിക പരിപാലന കരാർ (AMC) സംബന്ധിച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു**

1. കരാർ ഒപ്പുവെക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും ഈ കരാറിന്റെ കാലാവധി.
2. വാർഷിക അറ്റകുറ്റപ്പണി കരാർ (AMC) വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിനായി കരാറുകാരൻ 200 രൂപയുടെ മുദ്രപ്പത്രത്തിൽ (stamp paper) ഉടമ്പടി വെക്കേണ്ടതാണ്.
3. കരാർ ഒപ്പുവെച്ചതിനു ശേഷം 50% തുകയും, 6 മാസത്തിനു ശേഷം 40% തുകയും, ബാക്കി വരുന്ന 10% കരാർ കാലാവധി പൂർത്തിയായ ശേഷവും നൽകുന്നതാണ്.
4. അറ്റകുറ്റപ്പണികളിലും സർവീസിംഗിലും ഇൻഡോർ യൂണിറ്റ്, ഔട്ട്ഡോർ യൂണിറ്റ്, ഫിൽട്ടർ, ഡ്രെയിൻ പാനൽ തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്.
5. കോൺടാക്റ്ററുകൾ, കംപ്രസ്സർ ടെർമിനൽ, ഫാൻ മോട്ടോർ എന്നിവയിലെ തുരുമ്പും എണ്ണമയവും നീക്കം ചെയ്യേണ്ടതാണ്.
6. ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ അവ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തുതന്നെ (on-site) ചെയ്തു നൽകേണ്ടതാണ്. തകരാറുകൾ അറിയിച്ചാൽ 12 മണിക്കൂറിനുള്ളിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.
7. കേടുപാടുകൾ സംഭവിച്ച ഭാഗങ്ങൾ നന്നാക്കുകയോ അല്ലെങ്കിൽ അതേ ബ്രാൻഡിന്റെ പുതിയ ഭാഗങ്ങൾ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കുകയോ ചെയ്യേണ്ടതാണ്.
8. കൃത്യമായ ഇടവേളകളിലുള്ള സർവീസ് മൂന്ന് മാസം കൂടുമ്പോൾ നടത്തേണ്ടതാണ് (അതായത് കരാർ കാലയളവിൽ ആകെ 4 തവണ).
9. നിശ്ചയിച്ച നിരക്കിൽ ജി.എസ്.ടി (GST) ഉൾപ്പെട്ടിരിക്കുന്നു

കൊട്ടേഷനുകൾ 2026 സെപ്റ്റംബർ മാസം 25-ാം തീയതി വൈകുന്നേരം 03.00 മണിവരെ സ്വീകരിക്കുന്നതാണ്. അന്നേ ദിവസം വൈകുന്നേരം 04.00 മണിയ്ക്ക് ഹാജരുള്ള ബന്ധപ്പെട്ട കക്ഷികളുടെ സാന്നിദ്ധ്യത്തിൽ കൊട്ടേഷനുകൾ തുറക്കുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ, കൊട്ടേഷൻ നോട്ടീസിലെ നിബന്ധനകൾ പാലിച്ച സ്ഥാപനത്തിന്റെ പേരിൽ സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. കൊട്ടേഷൻ നടപടികളിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം വർക്ക് ഓർഡർ കൈപ്പറ്റി 5 ദിവസത്തിനുള്ളിൽ തന്നെ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷനുമായി 200 രൂപ മുദ്രപത്രത്തിൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ട് പ്രസ്തുത AMC പ്രവർത്തികൾ ഏറ്റെടുക്കേണ്ടതാണ്.

Signature Not Verified
Digitally signed by Apurva Tripathi
Date: 2026.09.18 12:41:22 IST
Reason: KSMART